(ബി) ഇപ്രകാരം സീനിയോറിറ്റി മറികടന്ന് നിയമനം നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) സീനിയോറിറ്റി മറികടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എങ്കിൽ ഇക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ യു.പി.എസ്.എ. റാങ്ക് പട്ടികയിൽ നിന്നും നിയമനം

86 (7053) ശ്രീ. വി. എം. ഇമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ 2013-ൽ നിലവിൽവന്ന യു.പി.എസ്.എ. (മലയാളം മീഡിയം) പി.എസ്.സി. റാങ്ക് പട്ടികയിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി&സി) ഒഴിവുകൾ നിലവിലില്ല.

തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയുടെ അംഗീകാരം

87 (7054) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ എത്ര ഹൈസ്കൂൾ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക അംഗീകരിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾ ജോലി നോക്കിവരുന്നുണ്ട് ; താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നവർ ഏതൊക്കെ സ്കൂളുകളിലാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹൈസ്കൂൾ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹൈസ്കൂൾ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ടീച്ചറുടെ 129 തസ്തികകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(ബി) താൽക്കാലികാടിസ്ഥാനത്തിൽ ആരും തന്നെ ജോലി നോക്കുന്നില്ല.

(സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്. എ. (സംസ്കൃതം) നിയമനത്തിനുള്ള കാലതാമസം

88 (7055) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (സംസ്കൃതം) സംവരണക്രമപ്രകാരം നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നാലുമാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് ഉടൻ നിയമനം നൽകുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15-ലെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായതിനുശേഷം അഡ്വൈസ് മെമ്മോ ലഭിച്ചവരുടെ നിയമനം പരിഗണിക്കുന്നതാണ്.

പഞ്ചായത്ത്/നഗരസഭ അധീനതയിലുള്ള സ്കൂളുകളിലെ പി.ടി.സി.എം. നിയമനം

89 (7056) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്തിട്ടുള്ള പഞ്ചായത്ത്/നഗരസഭ അധീനതയിലുള്ള സ്കൂളുകളിലെ പി.ടി.സി.എം. നിയമനം നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ പി.ടി.സി.എം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly